# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1364 | 03/10/2016 ൽ മറുപടിക്ക് |
| --- | --- |

## അഴിമതിക്കേസുകൾ

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി )** |
| (എ) | കഴിഞ്ഞ യു.ഡി.എഫ് മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതിക്കേസുകൾ നിലവിലുണ്ടെന്നും ഈ മന്ത്രിമാർ ആരൊക്കെയെന്നും ഏതൊക്കെ കേസുകളിലാണ് ഈ മന്ത്രിമാർ അന്വേഷണം നേരിടുന്നതെന്നും വിശദമാക്കുമോ; ഏത് ഏജൻസികളാണ് ഓരോ കേസുകളും അന്വേഷിക്കുന്നതെന്നും പ്രസ്തുത കേസുകളുടെ നമ്പരും വകുപ്പുകളും ഏതെല്ലാമെന്നും വിശദമാക്കാമോ; | (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ 4 മന്ത്രിമാർക്കെതിരെ 6 വിജിലൻസ് കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുണ്ട്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരികുന്നു. |
| (ബി) | ഈ മന്ത്രിമാർക്കെതിരെ ചാർജ്ജ് ചെയ്ത കേസുകളിലേതെങ്കിലും കോടതിയുടെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസുകളുടെയും മന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | മേൽ പ്രസ്താവിച്ച എല്ലാകേസുകളും അന്വേഷണ ഘട്ടത്തിലാണ്. കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. വി.സി.20/2016/സി.ആർ.ഇ./ഫിൻ.

കേരളത്തിലുടനീളം ബ്രോയ് ലർ ചിക്കൻ ബിസിനസ് നടത്തുന്ന തോംസൺ ഗ്രൂപ്പിനേയും ശ്രീധരീയം ആയുർവേദിക് മെഡിസിൻ പ്രൈവറ്റ് ലിമിറ്റഡിനേയും മറ്റും മുൻ ധനകാര്യ വകുപ്പ മന്ത്രി ശ്രീ.കെ.എം.മാണി സഹായിച്ചു എന്ന ശ്രീ.നോബിൾ മാത്യു അഡ്വക്കേറ്റിന്റെ പരാതിയിന്മേൽ ഒരു സത്വരാന്വേഷണം നടത്തുകയും (ക്യൂ.വി.01/2016/ സി.ആർ.ഇ/എസ്.റ്റി) തുടർന്ന് വി.സി.20/2016/സി.ആർ.ഇ./ ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. വി.സി.04/2016/കെ.റ്റി.എം./ഫിൻ.

ചങ്ങനാശ്ശേരിയിലെ ലെഡ് ഓക്സൈഡ് വ്യാപാരിയോട് മുൻ ധനകാര്യ മന്ത്രി ശ്രീ.കെ.എം.മാണി സ്വജനപക്ഷപാതം കാണിച്ചു എന്ന ശ്രീ.ജോർജ്ജ്.സി.കാപ്പന്റെ പരാതിയിന്മേൽ പി.ഇ.04/2016/ കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു പ്രാഥമികാന്വേഷണം നടത്തുകയും തുടർന്ന് വി.സി.04/2016/കെ.റ്റി.എം./ഫിൻ. നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്

3. വി.സി.06/2014/എസ്.ഐ.യു.1/എക്സൈസ്

മുൻ ധനകാര്യ നിയമ മന്ത്രി ആയിരുന്ന ശ്രീ.കെ.എം.മാണിയ്ക്കെതിരായി ബാർ കോഴ സംബന്ധിച്ച് വി.സി.06/2014/ എസ്.ഐ.യു.1/എക്സൈസ് നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണഘട്ടത്തിലാണ്.

4. വി.സി.05/2016/സി.ആർ.ഇ./എക്സൈസ്

ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് കോഴ വാങ്ങിയതു സംബന്ധിച്ച് വി.സി.05/16/സി.ആർ.ഇ./എക്സൈസ് നമ്പരായി

മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് അന്വേഷണഘട്ടത്തിലാണ്.

5. <u>വി.സി.17/2016/എസ്.സി.ഇ.</u>

മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ അനധികൃത സ്വത്ത് സമ്പാദ്യം സംബന്ധിച്ച് വി.സി.17/2016/ എസ്.സി.ഇ.ആയി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് അന്വേഷണഘട്ടത്തിലാണ്.

6. <u>വി.സി.05/2016/എസ്.ഐ.യു.II</u>

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ മന്ത്രിസഭയിലെ മുൻ റവന്യൂ കയർ മന്ത്രിയായിരുന്ന (1) ശ്രീ.അടൂർ പ്രകാശ്, (2) ശ്രീ.കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ / ഐ.റ്റി. മന്ത്രി എന്നിവർക്കെതിരേയും ഐ.റ്റി.പാർക്കുകൾ സ്ഥാപിക്കുന്നതിനായി ഭൂപരിധി വ്യവസ്ഥകൾ ഇളവു ചെയ്ത് ഭൂമി അനുവദിച്ചതു വഴി അധികാര ദുർവിനിയോഗം നടത്തി എന്നതു സംബന്ധിച്ച് വി.സി.05/2016/എസ്.ഐ.യു. II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.